Phone: 0 487 2980339
E mail:crsmadakkathara@kau.in

## കേരള കാർഷിക സർവ്വകലാശാല
## കശുമാവ് ഗവേഷണകേന്ദ്രം,മാടക്കത്തറ

സി. ആർ.എം(അക്കൗ)/498/2024 തിയ്യതി, 07/03/2024

### ക്വട്ടേഷൻ നോട്ടീസ്

മാടക്കത്തറ കശുമാവ് ഗവേഷണകേന്ദ്രത്തിൽ എ.ഐ.സി.ആർ.പി. യുടെ സഹായത്തോടെ നടത്തുന്ന പരീക്ഷണങ്ങളിലേക്കും, നഴ്സറി/ ഫാം ആവശ്യത്തിനായുള്ള ഗുണനിലവാരമുള്ള, മണ്ണോ മറ്റ് മാലിന്യങ്ങളോ കലരാത്ത പച്ചചാണകം ഫാമിൽ നിർദ്ദേശിച്ച സ്ഥലത്ത് ഇറക്കിതരുന്നതിനായി ഒരു വർഷത്തേക്ക് നൽകുന്നതിന് താല്പര്യമുള്ള വ്യക്തികളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

### നിബന്ധനകൾ

വണ്ടി വാടകയും, കയറ്റിറക്കു കൂലിയും മറ്റെല്ലാ ചെലവുകളും ഉൾപ്പെടെ ഈ ഫാമിൽ ഒരു ടൺ ചാണകം എത്തിക്കുന്നതിനുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്.

ഓരോ ലോഡും വേയ്ബ്രിഡ്ജിൽ തൂക്കമെടുത്ത് രസീത് ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

- ക്വട്ടേഷനുകൾ 14/03/2024 തിയ്യതിയിൽ ഉച്ചകഴിഞ്ഞ് 2 മണിക്ക് മുൻപായി ഗവേഷണകേന്ദ്രം മേധാവി മുൻപാകെ സമർപ്പിക്കേണ്ടതാണ്. അന്നേദിവസം ഉച്ച കഴിഞ്ഞ് 2.30ന് തത്സമയം സന്നിഹിതരായ കരാറുകാരുടെ സാന്നിധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതാണ്.
- ഓർഡർ നൽകുന്നതനുസരിച്ച് കൃത്യമായ അളവിൽ ഗുണമേന്മയുള്ള ചാണകം നൽകേണ്ടതാണ്.
- ലേലത്തിൽ പങ്കെടുക്കുന്നവർ നിശ്ചിത സമയത്തിനും സ്ഥലത്തും ഹാജരായി നിരതദ്രവ്യമായി 1000/-രൂപ (ആയിരം രൂപ മാത്രം) ഉച്ചകഴിഞ്ഞ് 2.00 മണിക്ക് മുൻപായി അടക്കേണ്ടതാണ്.
- സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.
- ക്വട്ടേഷനുകൾ പ്രത്യേക കാരണം കൂടാതെ നിരസിക്കാനുള്ള അധികാരം ഗവേഷണകേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.

- ലേലം ലഭിച്ചവർ 21/3/2024 തീയതിയിൽ രാവിലെ 11.00 മണിക്ക് മുൻപായി 5000/- രൂപ **(അയ്യായിരം രൂപ മാത്രം)** സെക്യൂരിറ്റി നിക്ഷേപമായി ഓഫീസിൽ അടയ്ക്കുകയും അന്നേ ദിവസംതന്നെ ക്വട്ടേഷൻ വ്യവസ്ഥകൾ അനുസരിച്ച് ചാണകം എത്തിച്ചു നൽകാമെന്ന് **200/- രൂപയുടെ** മുദ്രപത്രത്തിൽ ഒരു സമ്മതപത്രം എഴുതി സമർപ്പിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് പ്രൊഫസർ ആന്റ് ഹെഡ്-ഇൻ-ചാർജ്ജ്

Assistant Professor & Head I/c
Cashew Research Station
Kerala Agricultural University
Madakkathara

പകർപ്പ്

1. നോട്ടീസ്ബോർഡ്
2. വെബ് സൈറ്റ്

CASHEW RESEARCH STATION